# നവകേരളം വാർത്ത

2023 ജൂൺ 1-15

ന്യൂസ്‌ലെറ്റർ

ഓൺലൈൻ വായനയ്ക്ക്


## പുതുതായി നിർമ്മിച്ച 97 സ്കൂൾ കെട്ടിടങ്ങൾ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു



നവകേരളം കർമപദ്ധതി രണ്ട് വിദ്യാകിരണം മിഷന്റെ ഭാഗമായി കിഫ്ബി, പ്ലാൻ ഫണ്ട്, മറ്റ് ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് സംസ്ഥാനത്ത് പുതുതായി നിർമ്മിച്ച 97 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം കണ്ണൂർ മുഴപ്പിലങ്ങാട് ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

അധ്യയന വർഷാരംഭത്തിന് മുന്നോടിയായി ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഊർജിതമാക്കണം. നിശ്ചിത എണ്ണം കുട്ടികൾക്ക് മെന്ററായി ഒരു ടീച്ചർ ഉണ്ടാവണം. കുട്ടികൾ ലഹരിക്കടിപ്പെടുന്നത് ആ ഒരു കുടുംബത്തിന്റെ മാത്രം പ്രശ്നമല്ല നാടിന്റെ ഭാവിയുടെ പ്രശ്നമാണെന്ന് കാണാൻ കഴിയണം. ലഹരി മാഫിയക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊലീസും ജാഗ്രത പാലിക്കണം- മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനതലത്തിൽ മൂന്ന് ടിങ്കറിംഗ് ലാബുകളുടെ ഉദ്ഘാടനവും 12 പുതിയ സ്കൂൾ കെട്ടിടങ്ങളുടെ തറക്കല്ലിടലും മുഖ്യമന്ത്രി നിർവഹിച്ചു. മുഴപ്പിലങ്ങാട് ജി.എച്ച്.എസ്.എസിൽ പുതുതായി നിർമ്മിച്ച മൂന്നുനില കെട്ടിടവും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.



പൊതുവിദ്യാഭ്യാസവകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിച്ചു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി ശിവൻകുട്ടി പറഞ്ഞു. ഭൗതികമായ വികസനത്തിനൊപ്പം അക്കാദമികമായ വികസനവുമാണ് സർക്കാർ ലക്ഷ്യമിടുന്നത്- അദ്ദേഹം പറഞ്ഞു.

ഡോ. വി. ശിവദാസൻ എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ, തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.പി. അനിത, മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി. സജിത, മുൻ എം.എൽ.എ. എം.വി. ജയരാജൻ തുടങ്ങിയവർ പങ്കെടുത്തു.

സംസ്ഥാനത്തെ മറ്റിടങ്ങളിൽ തത്സമയം നടന്ന പരിപാടികളിൽ മന്ത്രിമാരായ കെ. രാജൻ, കെ. കൃഷ്ണൻകുട്ടി, ആന്റണി രാജു, വി. അബ്ദുറഹ്മാൻ, ജി.ആർ. അനിൽ, കെ.എൻ. ബാലഗോപാൽ, ഡോ. ആർ. ബിന്ദു, എം.ബി. രാജേഷ്, പി.എ. മുഹമ്മദ് റിയാസ്, പി. പ്രസാദ്, കെ. രാധാകൃഷ്ണൻ, വീണാ ജോർജ്, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ എന്നിവർ വിശിഷ്ടാതിഥികളായി.

# ആർദ്രം മിഷനിലൂടെ ആരോഗ്യ മേഖല കൂടുതൽ കരുത്താർജ്ജിക്കുന്നു: മുഖ്യമന്ത്രി പിണറായി വിജയൻ

## 5,409 ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

സംസ്ഥാനത്തെ 5,409 ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതിയും 140 നിയോജകമണ്ഡലങ്ങളിൽ തയ്യാറായിട്ടുള്ള ജനകീയ ആരോഗ്യകേന്ദ്രങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനവും തിരുവനന്തപുരത്ത് പിരപ്പൻകോട് ജനകീയ ആരോഗ്യ കേന്ദ്രത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. പൊതുജനാരോഗ്യ രംഗത്തെ ജനകീയ ഇടപെടലിന്റെകൂടി പുതിയ മുഖമാകുന്ന ജനകീയാരോഗ്യ കേന്ദ്രങ്ങൾ ആരോഗ്യ മേഖലയുമായുള്ള ജനങ്ങളുടെ അടിസ്ഥാനതല ബന്ധം നിലനിർ





ത്തുന്ന സ്ഥാപനങ്ങളായി മാറുമെന്നുറപ്പാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ആർദ്രം മിഷൻ രൂപീകരിച്ചതിന്റെ ഭാഗമായി സംസ്ഥാനത്തെ ആരോഗ്യ മേഖല വലിയ തോതിലാണ് കരുത്താർജിച്ചതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താനുള്ള പദ്ധതി ആവിഷ്ക്കരിച്ചു. അതിൽ 630 എണ്ണം കഴിഞ്ഞ മാസത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവയും വൈകാതെ തന്നെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറും. ആർദ്രം മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായ വാർഷിക പരിശോധന, മറ്റ് കാമ്പയിനുകൾ, രോഗനിർമ്മാർജ്ജന പ്രവർത്തനങ്ങൾ എന്നിവ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലൂടെയാവും താഴെത്തട്ടിൽ നടപ്പിലാക്കുക. നവകേരളം കർമപദ്ധതി 2 ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ പ്രധാനപ്പെട്ട പ്രവർത്തനത്തിനാണ് ഇതോടെ തുടക്കമാകുന്നത്.

# പൊതുസ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം; സ്ക്വാഡ് പ്രവർത്തനം ശക്തമാക്കണം: മന്ത്രി എം.ബി. രാജേഷ്

പൊതുസ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം കർശനമായി തടയുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കി നടപടികൾ സ്വീകരിക്കണമെന്ന് പോലീസിനും കോർപറേഷനും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് നിർദ്ദേശം നൽകി. കൂടുതൽ മാലിന്യം സൃഷ്ടിക്കുന്നിടങ്ങളായ ഫ്ളാറ്റുകൾ, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജുകൾ, ബേക്കറികൾ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ പോലീസിന്റെ സഹായത്തോടെ കോർപ്പറേഷൻ



എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ സ്പെഷ്യൽ ഡ്രൈവ് നടത്തി നടപടി സ്വീകരിക്കണം. ഇത്തരം സ്ഥാപനങ്ങളിൽ കോർപ്പറേഷൻ നൽകിയ നോട്ടീസ് പ്രകാരം മാലിന്യസംസ്ക്കരണത്തിന് നടപടി സ്വീകരിക്കാത്തവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു. കൊച്ചി കോർപ്പറേഷനിലെ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

# പൊതുസ്ഥാപനങ്ങൾ ഹരിതപെരുമാറ്റചട്ടം ഉറപ്പ് വരുത്തണം : മന്ത്രി പി. രാജീവ്

പൊതുസ്ഥാപനങ്ങൾ ഹരിത പെരുമാറ്റച്ചട്ടം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്. മാലിന്യമുക്ത നവകേരളം കാമ്പയിൻ കളമശ്ശേരി മണ്ഡലതല ഉദ്ഘാടനം മന്ത്രി നിർവഹിച്ചു. മാലിന്യം ഉറവിടത്തിൽ തന്നെ തരംതിരിക്കുക, ജൈവ മാലിന്യം പരമാവധി ഉറവിടത്തിലും സാമൂഹ്യ സംവിധാനത്തിലുമായി സംസ്കരിക്കുക, അജൈവ മാലിന്യം തരം തിരിച്ച് പുനഃചംക്രമണത്തിനും ശാസ്ത്രീയ സംസ്കരണത്തിനും അംഗീകൃത ഏജൻസിക്ക് കൈമാറുക, പ്രത്യേക മാലിന്യങ്ങൾക്ക് ശാസ്ത്രീയ സംസ്കരണ



സംവിധാനം ഒരുക്കുക, പൊതു നിരത്തിലേക്ക് മാലിന്യം വലിച്ചെറിയുന്നത് പൂർണ്ണമായും ഒഴിവാക്കുക, ജലാശയങ്ങളുടെ മലിനീകരണം പൂർണ്ണമായും തടയുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് കാമ്പയിൻ പ്രവർത്തനങ്ങൾ നടക്കുന്നത്. ഹരിത അയൽക്കൂട്ടങ്ങൾ രൂപീകരിക്കണമെന്നും സ്ഥാപനങ്ങളും വിദ്യാലയങ്ങളും ഹരിത പെരുമാറ്റച്ചട്ടം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും പഞ്ചായത്ത് തലത്തിൽ ഇ-വേസ്റ്റുകൾ ശേഖരിച്ച് പുനരുപയോഗത്തിനുള്ള സാധ്യത പരിശോധിക്കണമെന്നും മന്ത്രി പറഞ്ഞു.

# രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയത് കേരളം: മന്ത്രി വീണാ ജോർജ്



ഇടുക്കി ചട്ടമൂന്നാർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം ആരോഗ്യം വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിച്ചു. സംസ്ഥാന സർക്കാർ നടപ്പാക്കിയ ആർദ്രം മിഷനിലൂടെ രാജ്യത്ത് തന്നെ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനം കേരളമാണെന്ന് മന്ത്രി പറഞ്ഞു. 3030 കോടി രൂപ സൗജന്യ ചികിത്സക്കായി സംസ്ഥാന സർക്കാർ ചിലവഴിച്ചു. എല്ലാ സൗകര്യങ്ങളോടെയും ആധുനിക രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ നിർമിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ടൂറിസം മേഖലയായ മൂന്നാറിൽ പുതിയ സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കുന്നതിന് വേണ്ടിയാണ് ആരോഗ്യ വകുപ്പും സർക്കാരും ശ്രമിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു. ചട്ടമൂന്നാർ പ്രാഥമിക ആരോഗ്യ കേന്ദ്രം അങ്കണത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ എ. രാജ എം.എൽ.എ. അധ്യക്ഷത വഹിച്ചു.

# മാലിന്യമുക്ത നവകേരളം-സാക്ഷരത, ജനകീയാസൂത്രണ പ്രവർത്തകരുടെ സംഗമം



'നവകേരളം മാലിന്യമുക്ത കേരളം' സാധ്യമാക്കുന്നതിനുള്ള കാമ്പയിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ സാക്ഷരതായജ്ഞത്തിലും, ജനകീയാസൂത്രണ പ്രസ്ഥാനത്തിലും സജീവമായി പങ്കെടുത്ത പ്രവർത്തകരുടെ സംഗമം കാക്കനാട് ജില്ലാ ആസൂത്രണ സമിതി ഹാളിൽ ചേർന്നു. ജില്ലയിലെ മുൻകാല പ്രവർത്തകരിൽ വലിയൊരു വിഭാഗം പങ്കെടുത്ത സംഗമം നവകേരളം കർമപദ്ധതി കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. മാലിന്യമുക്ത കേരളത്തിനായുള്ള പ്രവർത്തനങ്ങളിലും കാമ്പയിനുകളിലും സന്നദ്ധ പ്രവർത്തകരും ഉദ്യോഗസ്ഥരും സമസ്ത ജനവിഭാഗങ്ങളും അണി നിരക്കേണ്ടതുണ്ട് എന്ന് നവകേരളം കോർഡിനേറ്റർ എല്ലാവരെയും ഓർമപ്പെടുത്തി.

കേരളത്തിന്റെ ചരിത്രത്തിൽ മറ്റൊരു പൊൻതൂവലായി മാറാൻ പോകുന്ന മാലിന്യമുക്ത കേരളത്തിനായുള്ള പ്രവർത്തനങ്ങളിലും സാക്ഷരത - ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിജയത്തിനായി മുന്നണിയിൽ പ്രവർത്തിച്ച എല്ലാവരുടേയും ഉൾച്ചേരൽ ഉണ്ടാകണം എന്ന് യോഗത്തിൽ അധ്യക്ഷനായിരുന്ന തദ്ദേശ സ്വയംഭരണ ഡയറക്ടർ ഷെഫീഖ് അഭിപ്രായപ്പെട്ടു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്, ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ മനോജ്, കില ജില്ലാ ഫെസിലിറ്റേറ്റർ ജൂബൈരിയ ഐസക്, കുടുംബശ്രീ മിഷൻ ജില്ലാ കോർഡിനേറ്റർ റെജീന ടി.എം., സാക്ഷരത – ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ ജില്ലയിൽ നേതൃത്വം വഹിച്ച കെ.കെ. രവി, ജ്യോതി നാരായണൻ തുടങ്ങി നൂറോളം പ്രവർത്തകർ സംഗമത്തിൽ പങ്കെടുത്തു.

# സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം വിലയിരുത്തി മന്ത്രി വി. ശിവൻകുട്ടി



സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം ത്വരിതഗതിയിലാക്കാൻ എം.എൽ.എ. മാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്ത് മന്ത്രി വി. ശിവൻകുട്ടി. 25 നിയോജക മണ്ഡലങ്ങളിലെയും എം.എൽ.എ. മാരോ പ്രതിനിധികളോ യോഗത്തിൽ പങ്കെടുത്തു. ഓരോ സ്കൂളിനെയും പ്രത്യേകമായി എടുത്ത് നിർമ്മാണ തടസ്സങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അതിനെ മറികടക്കാനുള്ള തീരുമാനം യോഗം കൈക്കൊണ്ടു.

# ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ സംഗമം

തൃശൂർ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ സംഗമം നടന്നു. ഗ്രാമ പഞ്ചായത്ത് ഹാളിൽ നടന്ന ലൈഫ് സംഗമം പ്രസിഡന്റ് സുശീല സോമൻ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായ ത്തിലെ മുഴുവൻ ലൈഫ് ഗുണഭോക്താക്കളും സംഗമ ത്തിൽ പങ്കെടുത്തു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 154




കുടുംബങ്ങളും ജനറൽ വിഭാഗം 35 കുടുംബങ്ങളും മത്സ്യത്തൊഴിലാളി വിഭാഗം 34 കുടുംബങ്ങളുമാണ് പഞ്ചായത്തിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കൾ.

മലപ്പുറം ജില്ലയിലെ ലൈഫ് ഗുണഭോക്തൃ സംഗമം വാഴയൂർ ഗ്രാമ പഞ്ചായത്ത് ഹാളിൽ വെച്ച് നടന്നു. ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മിനി കോലോത്തൊടി അധ്യക്ഷത വഹിച്ച ചടങ്ങ് പ്രസിഡന്റ് ടി.പി.വാസുദേവൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, ജനപ്രതിനിധികൾ, വി.ഇ.ഒ., ലൈഫ് ഗുണഭോക്താക്കൾ തുടങ്ങിയവർ പങ്കെടുത്തു. പട്ടിക ജാതിക്കാർക്കുള്ള ലൈഫ് പദ്ധതി കഴിഞ്ഞ വർഷം തന്നെ പൂർത്തികരിച്ചിട്ടുണ്ട്. ഈ വർഷം ജനറൽ വിഭാഗത്തിലെ 100 ഗുണഭോക്താക്കളാണുള്ളത്.

മാലിന്യമുക്തം നവകേരളം കാമ്പയിന്റെ ഭാഗമായി ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ പാലക്കാട് ജില്ലാതല പ്രദർശനം സിവിൽ സ്റ്റേഷൻ പരിസരത്ത് ജില്ലാ കളക്ടർ ഡോ. എസ്. ചിത്രയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോളും ചേർന്നു നിർവഹിച്ചു



# പെരുങ്കടവിളയിൽ ഹരിത കർമസേനയ്ക്ക് ഇലക്ട്രിക് വാഹനങ്ങൾ

മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി, സമ്പൂർണ വലിച്ചെറിയൽമുക്ത പഞ്ചായത്തായി പെരുങ്കടവിള ഗ്രാമപഞ്ചായത്തിനെ പ്രഖ്യാപിച്ചു. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പ്രഖ്യാപനം നടത്തി. പ്രകൃതിയുടെയും



മനുഷ്യന്റെയും ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകുന്ന പഞ്ചായത്തിന്റെ പദ്ധതികൾ പ്രശംസനീ യമാണെന്ന് ഡോ. ടി.എൻ. സീമ പറഞ്ഞു. ഹരിത കർമ സേനയ്ക്കുള്ള ഇലക്ട്രിക് വാഹനത്തിന്റെ ഫ്ളാഗ് ഓഫും നിർവഹിച്ചു. പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി. ലാൽകൃഷ്ണൻ മാലിന്യമുക്ത പ്രതിജ്ഞ ചൊല്ലികൊടുത്തു. പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുരേന്ദ്രൻ അധ്യക്ഷനായി. ത്രിതല പഞ്ചായത്ത് പ്രതിനി ധികൾ, നവകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ സി. അശോക്, ഹരിത കർമ്മസേന, കുടുംബശ്രീ, അങ്കണവാടി, ആശ പ്രവർത്തകർ എന്നിവരും പങ്കാളികളായി.

# കണ്ണൂർ കളക്ട്രേറ്റ് ക്യാമ്പസിൽ ജൈവ വൈവിധ്യ രജിസ്റ്റർ ഒരുങ്ങുന്നു



കണ്ണൂർ കളക്ട്രേറ്റ് കാമ്പസിന്റെ ജൈവവൈവിധ്യങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാകുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പരിസ്ഥിതി പ്രവർത്തകൻ വി.സി. ബാലകൃഷ്ണന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷനാണ് രജിസ്റ്റർ തയ്യാറാക്കുന്നത്. ഇതിന്റെ ഭാഗമായുള്ള സർവേ പ്രവർത്തനം ആരംഭിച്ചു. കാമ്പസിലെ വൃക്ഷങ്ങൾക്കു ബോർഡുകൾ സ്ഥാപിക്കും. വൃക്ഷങ്ങളുടെ വിശദാംശങ്ങൾ അറിയാൻ ക്യു.ആർ. കോഡ് സംവിധാനവും ബോർഡുകളിൽ ഉൾപ്പെടുത്തും. കാമ്പസിൽ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. മാതൃകാ കളക്ടറേറ്റ് എന്ന ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി കളക്ട്രേറ്റിലെയും അനക്സിലെയും എല്ലാ ഓഫീസുകളിലെയും മാലിന്യങ്ങൾ ശേഖരിക്കുന്ന പ്രവർത്തനങ്ങൾ ഡിജിറ്റൽ സംവിധാനത്തിലാക്കി.

കളക്ട്രേറ്റ് കാമ്പസ് ശുചീകരിക്കുകയും സൗന്ദര്യവൽക്കരിക്കുകയും ചെയ്യേണ്ടുന്ന ചുമതല വിവിധ വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. ഇതിനായി കാമ്പസിനെ പ്ലോട്ടുകളായി തിരിച്ച് വിവിധ വകുപ്പുകൾക്കു കൈമാറുകയും ചെയ്തു. ഇതിന് പുറമേ ഇവയുടെ നടത്തിപ്പ് ഉറപ്പു വരുത്താൻ ഫ്ളോർ മാനേജർമാരെയും നിശ്ചയിച്ചു. കാമ്പസിലെ ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ തുമ്പൂർമൂഴി മാതൃകയിലുള്ള സംസ്കരണ സംവിധാനത്തിന്റെ നിർമ്മാണവും ആരംഭിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ എസ്. ചന്ദ്രശേഖറും എ.ഡി.എം. കെ.കെ. ദിവാകരനുമാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

## സുരക്ഷിതമാക്കാം പശ്ചിമഘട്ടം-കൊല്ലം ജില്ലയിൽ രണ്ടാം ഘട്ടമാരംഭിച്ചു

മാപ്പത്തോൺ കേരളം രണ്ടാംഘട്ട പ്രവർത്തനത്തിന്റെ കൊല്ലം ജില്ലാതല ഉദ്ഘാടനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഡോ. പി.കെ. ഗോപൻ നിർവഹിച്ചു. മാപത്തോൺ പൂർത്തിയാക്കിയ ശേഷം സംസ്ഥാനത്ത് സുരക്ഷിതമാക്കാം പശ്ചിമഘട്ടം പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ടം ആദ്യമായി ആരംഭിച്ചത് കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിലാണ്.




# കൊട്ടിയൂർ ഉത്സവത്തിൽ ഹരിതചട്ടം



വടക്കൻ കേരളത്തിലെ പ്രമുഖ ആരാധനാലയമായ കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ ക്ഷേത്ര ഉത്സവം പൂർണമായും ഹരിത ഉത്സവമായി മാറ്റാനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ലക്ഷത്തിലധികം ജനങ്ങൾ ഒത്തു ചേരുന്ന പൂർണമായും മഴക്കാലത്ത് മാത്രം നടക്കുന്ന കൊട്ടിയൂർ ഉത്സവം സംസ്ഥാനത്ത് തന്നെ വ്യത്യസ്ത ഉത്സവമാണ്. വനഭൂമിയിലും ബാവലിപ്പുഴയിലുമായാണ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. 28 ദിവസം നീളുന്ന ഉത്സവം സമാപിക്കുമ്പോഴേക്കും ടൺ കണക്കിന് ജൈവ അജൈവ മാലിന്യങ്ങളാണ് കുമിഞ്ഞ് കൂടാറുള്ളത്. കഴിഞ്ഞ വർഷം ഹരിതകേരളം മിഷൻ മുൻകൈ എടുത്ത് ആരംഭിച്ച ഹരിതോത്സവം വൻ വിജയമായിരുന്നു. ഇതേ തുടർന്ന് ഈ വർഷത്തെ ഉത്സവവും ഹരിതോത്സവമാക്കാനുള്ള ശ്രമങ്ങൾ മാസങ്ങൾക്ക് മുന്നേ ആരംഭിച്ചു.

ഉത്സവത്തിന് എത്തിചേരുന്നവർ യാത്ര ചെയ്യാൻ സാധ്യതയുള്ള ഇടങ്ങളിൽ ദിശ ബോർഡുകളും ഹരിത പ്രോട്ടോകോൾ വാചകങ്ങളുമുള്ള ബോർഡുകളും സ്ഥാപിക്കും. പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആരോഗ്യ വിഭാഗത്തിനെ കൂടി ഉൾപ്പെടുത്തി സ്ഥാപനവൃത്തിയും, ഒറ്റ തവണ ഡിസ്പോസബിൾ വിൽക്കുന്നില്ല എന്നുള്ളവ നോക്കുന്നതിനായി പരിശോധന ടീമിനെ നിശ്ചയിക്കും. വഴിയരികിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കും, റോഡുകൾ വൃത്തിയായി സൂക്ഷിക്കും.

കൊട്ടിയൂർ പഞ്ചായത്ത് ഹരിത കർമസേനാംഗങ്ങൾക്ക് പുറമേ ജില്ലയിലെ മറ്റ് പഞ്ചായത്തുകളിൽ നിന്നും ഹരിതകർമസേന അംഗങ്ങൾ സേവനത്തിനായ് രംഗത്തിറങ്ങും. കണ്ണൂർ കളക്ട്രേറ്റിൽ ജില്ലാ കളക്ടർ എസ്. ചന്ദ്രശേഖരിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ഹരിതോത്സവ ഒരുക്കങ്ങൾ വിലയിരുത്തി.

# ഹരിതം ആരോഗ്യം കാമ്പയിൻ അമ്പലവയൽ, നെന്മേനി ഗ്രാമപഞ്ചായത്തിൽ

നവകേരളം കർമപദ്ധതി-2 ൽ ഹരിതകേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി വയനാട് ജില്ലയിലെ മുഴുവൻ ഹരിത കർമസേന അംഗങ്ങൾക്കും ആരോഗ്യ പരിശോധന നടത്തുന്ന 'ഹരിതം ആരോഗ്യം' കാമ്പ



യിന്റെ ഭാഗമായി അമ്പലവയൽ, നെന്മേനി ഗ്രാമപഞ്ചായത്തുകളിലെ ഹരിത കർമസേന അംഗങ്ങൾക്ക് ആരോഗ്യ പരിശോധന നടത്തി. 62 പേർ സ്ക്രീനിംഗിന് വിധേയരായി. കാമ്പയിൻ അമ്പലവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഹഫ്സത് ഉദ്ഘാടനം ചെയ്തു. നെന്മേനി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഷീല പുഞ്ചവയൽ മുഖ്യപ്രഭാഷണം നടത്തി. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ സുരേഷ് ബാബു, നെന്മേനി വൈസ് പ്രസിഡന്റ് ടി.ജി. ചെറുതോട്ടിൽ എന്നിവർ സംസാരിച്ചു. ഇതുവരെ നാല് ഗ്രാമപഞ്ചായത്തുകളിലെ ഹരിത കർമസേന അംഗങ്ങൾക്ക് ആരോഗ്യ പരിശോധന നടത്തി.

# ഹരിതമിത്രം പദ്ധതിക്ക് തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ തുടക്കമായി

മാലിന്യമുക്ത കേരളത്തിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പദ്ധതിക്ക് കോട്ടയം ജില്ലയിൽ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ തുടക്കമായി. പദ്ധതിയുടെ ഉദ്ഘാടനം തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അജയൻ കെ. മേനോൻ നിർവഹിച്ചു. ഹരിത കർമസേനകളുടെ അജൈവ പാഴ്വസ്തു ശേഖരണ പ്രക്രിയ ഊർജിതമാക്കാനും മാലിന്യനിർമാർജന പ്രവർത്തനങ്ങൾ കാര്യക്ഷമവും കുറ്റമറ്റതുമാക്കാനും ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും ആഭിമുഖ്യത്തിലാണ് ഹരിതമിത്രം സ്മാർട്ട് ഗാർബേജ്



മൊബൈൽ ആപ്പ് പദ്ധതി നടപ്പാക്കുന്നത്. വീടുകൾക്ക് നൽകുന്ന ക്യൂ.ആർ. കോഡുകളുടെ സഹായത്തോടെയാണ് വിവരങ്ങൾ ശേഖരിക്കുക.

# ശുചിത്വ ഹർത്താൽ സംഘടിപ്പിച്ച് കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിൽ മാലിന്യമുക്ത നവകേരളം കാമ്പയിന്റെ ഭാഗമായി 2023 മെയ് 20 ന് സംഘടിപ്പിച്ച ശുചിത്വ ഹർത്താൽ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. 'എന്റെ നാട്,എന്റെ വീട്, എന്റെ പരിസരം' ഇവ വൃത്തിയായി സൂക്ഷിക്കുക



എന്നത് അവരവരുടെ ഉത്തരവാദിത്വമാണെന്നും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ മാത്രമല്ല ഇതൊരു തുടർപ്രവർത്തനമായി കണ്ട് ഓരോരുത്തരും ഇതിൽ ഇടപെടുന്ന സാഹചര്യം ഉണ്ടാവണമെന്നും മന്ത്രി പറഞ്ഞു.

ഗ്രാമപഞ്ചായത്തിലെ എല്ലാ വ്യാപാര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ക്ലബ്ബുകളുടെയും സന്നദ്ധ സംഘടനകളുടെയും പങ്കാളിത്തത്തോടെയാണ് ശുചിത്വ ഹർത്താൽ സംഘടിപ്പിച്ചത്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഹരിത കർമസേനാംഗങ്ങൾ, കേരള ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ്സ് അസോസിയേഷൻ പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, പൊയ്യാനിൽ നഴ്സിംഗ് കോളേജ് വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

# നീരുറവ് പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്രം

സംസ്ഥാനസർക്കാരിന്റെ നൂറുദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി ഹരിതകേരളം മിഷൻ, മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന നീരുറവ് പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ വാഴയൂർ പുറ്റേക്കടവ് തോട് കയർഭൂവസ്ത്രം വിരിക്കുന്ന പ്രവർത്തി ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.പി. വാസുദേവൻ മാസ്റ്റർ നിർവഹിച്ചു. വികസന സ്റ്റാൻഡിങ് കമ്മറ്റി ചെയർ പേഴ്സൺ റാഷിദ ഫൗലദ് അധ്യക്ഷത വഹിച്ചു.



# പത്തനംതിട്ടയിൽ 20 ഗ്രാമപഞ്ചായത്തുകളിലെ ഹരിത കർമസേനക്ക് ഇലക്ട്രിക് വാഹനങ്ങൾ

പത്തനംതിട്ട ജില്ലയിലെ മാലിന്യനിർമാർജന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ടി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ 20 ഗ്രാമപഞ്ചായത്തുകളിൽ ഹരിത കർമസേനക്ക് ഇലക്ട്രിക് വാഹനങ്ങൾ വിതരണം ചെയ്തു. വിതരണ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഓമല്ലൂർ ശങ്കരൻ നിർവഹിച്ചു. ഒരു കോടി രൂപ മുതൽമുടക്കിയാണ് 20 ഇലക്ട്രിക്ക് ഗുഡ്സ് ഓട്ടോകൾ വാങ്ങിയത്.

ഹരിത കർമസേന നേരിടുന്ന ഏറ്റവും വലിയ പ്രശ്നത്തിനാണ് പരിഹാരമായതെന്നും അവരെ ഹരിതമിത്രങ്ങളായി കാണണമെന്നും മുഖ്യപ്രഭാഷണത്തിൽ ജില്ലാ കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ അഭിപ്രായപ്പെട്ടു. സേനയോടുള്ള സഹകരണം പൊതുജന മധ്യത്തിലും പഞ്ചായത്തുതലത്തിലും ശക്തിപ്പെട്ടിട്ടുണ്ട്. എല്ലാ ഹരിത കർമസേനാംഗങ്ങൾക്കും അടിസ്ഥാന ആവശ്യങ്ങളായ യൂണിഫോം, കുട പോലെയുള്ള സാധന സാമഗ്രികളുടെ വിതരണം ഉറപ്പ് വരുത്തണമെന്നും കളക്ടർ പറഞ്ഞു.



കൊടുമൺ, കലഞ്ഞൂർ, പന്തളം തെക്കേക്കര, ഏനാദിമംഗലം, തുമ്പമൺ, പെരിങ്ങര, ചെറുകോൽ, ഇരവിപേരൂർ, മലയാലപ്പുഴ, വെച്ചൂച്ചിറ, കോന്നി, അയിരൂർ, മല്ലപ്പള്ളി, നാറാണംമൂഴി, ഓമല്ലൂർ, മൈലപ്ര, കൊറ്റനാട്, ചെന്നീർക്കര, മെഴുവേലി, നെടുമ്പ്രം എന്നീ ഗ്രാമപഞ്ചായത്തുകൾക്കാണ് വാഹനങ്ങൾ കൈമാറിയത്. ജനപ്രതിനിധികർ, രാഷ്ട്രീയപാർട്ടി പ്രവർത്തകർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# മാലിന്യമുക്ത നവകേരളത്തിനായി ജില്ലാതല സെമിനാർ

കാസർഗോഡ് 'നവകേരളത്തിന്റെ ഹരിത കവാടം മാലിന്യ സംസ്കരണ രംഗത്തെ ഇടപെടലുകൾ' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. നവകേരളം




കർമപദ്ധതിയുടെ നേതൃത്വത്തിൽ എന്റെ കേരളം വിപണന മേളയോടനുബന്ധിച്ച് 2023 മെയ് ഏഴിന് കാഞ്ഞങ്ങാട് അലാമിപ്പള്ളിയിൽ വെച്ച് നടന്ന സെമിനാർ എം. രാജഗോപാലൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. നവകേരളം ജില്ലാ കോർഡിനേറ്റർ കെ. ബാലകൃഷ്ണൻ മോഡറേറ്ററായ സെമിനാറിൽ നിയമനടപടികൾ, ആരോഗ്യ ജാഗ്രത, മാലിന്യ പരിപാലനം, അജൈവ പാഴ്വസ്തു തരംതിരിക്കൽ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിച്ചു. പൊതുജന പങ്കാളിത്തത്തോടെ നടത്തിയ സെമിനാറിൽ 600 ലധികം ആളുകൾ പങ്കെടുത്തു.

# പച്ചത്തുരുത്തിൽ മാലിന്യ നിക്ഷേപം; പിഴ ഈടാക്കി ഓമല്ലൂർ ഗ്രാമപഞ്ചായത്ത്

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ പത്തനംതിട്ട ഓമല്ലൂർ ഗ്രാമപഞ്ചായത്ത് സ്ഥാപിച്ച ആറ്ററികം പച്ചത്തുരുത്തിൽ മാലിന്യം നിക്ഷേപിച്ച രണ്ടു പേരിൽ നിന്നും ഗ്രാമപഞ്ചായത്ത് 20,000 രൂപ പിഴ ഈടാക്കി. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്ററും റിസോഴ്സ് പേഴ്സൺമാരും പച്ചത്തുരുത്ത് സന്ദർശിച്ച അവസരത്തിൽ മാലിന്യ നിക്ഷേപം ശ്രദ്ധയിൽപ്പെടുകയും വിവരം ഓമല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയുമായിരുന്നു. തുടർന്ന് സ്ഥലത്തെത്തിയ പഞ്ചായത്ത് സെക്രട്ടറിയും ഉദ്യോഗസ്ഥരും മാലിന്യ നിക്ഷേപം പരിശോധിച്ച് കുറ്റക്കാരെ കണ്ടെത്തുകയും നോട്ടീസ് നൽകി പിഴ ഈടാക്കുകയും ചെയ്തു. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുകയും, അലക്ഷ്യമായി വലിച്ചെറിയുകയും, കത്തിക്കുകയും ചെയ്യുന്നവർക്കെതിരെ ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ



കർശന നടപടികളാണ് സ്വീകരിച്ചു വരുന്നത്.

# 'പുഴയൊഴുകും മാണിക്കൽ പദ്ധതി' നേരിട്ടു കാണാൻ കേന്ദ്രസംഘമെത്തി



പുഴയൊഴുകും മാണിക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന ഭൂജലസംരക്ഷണ പദ്ധതികൾ വിലയിരുത്തുന്നതിനായി കേന്ദ്രജലശക്തി മന്ത്രാലയം പ്രതിനിധികൾ മാണിക്കൽ പഞ്ചായത്തിൽ സന്ദർശനം നടത്തി. ഭൂജലവകുപ്പിന്റെ മേൽനോട്ടത്തിലുള്ള വെള്ളാണിക്കൽ പാറമുകൾ, വെള്ളാണിക്കൽ എൽ.പി.എസ്., കൊപ്പം എൽ.പി.എസ്. എന്നിവിടങ്ങളിലെ കുടിവെള്ള പദ്ധതികളും ഭൂജല പരിപോഷണ പ്രവർത്തനങ്ങളും തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ വെള്ളാണിക്കൽ ഫലവൃക്ഷതൈ നഴ്സറി, ഏറക്കട്ടക്കാൽ നെൽകൃഷി, താമരഭാഗം താമര കൃഷി, കുഞ്ചിക്കുഴി ചിറയിലെ അമൃത സരോവർ പദ്ധതി, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളും സംഘം സന്ദർശിച്ചു. കേന്ദ്ര പെട്രോളിയം പ്ലാനിങ് ആൻഡ് അനാലിസിസ് സെൽ ഡയറക്ടർ ജനറൽ പി. മനോജ് കുമാറിന്റെ നേതൃത്വത്തിലാണ് സംഘം എത്തിയത്. നെടുമങ്ങാട് മാണിക്കൽ പ്രദേശത്ത് വെളാവൂർ തോട് എന്നറിയപ്പെടുന്ന മാണിക്കൽ പുഴയുമായി ബന്ധപ്പെടുത്തി വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ച് നടപ്പാക്കുന്ന സമഗ്രപദ്ധതിയാണ് പുഴയൊഴുകും മാണിക്കൽ. ഹരിതകേരളം മിഷന്റെയും മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നത്. കേന്ദ്രജലശക്തി മന്ത്രാലയത്തിന്റെ മികച്ച ജലസംരക്ഷണ പദ്ധതിക്കുള്ള പുരസ്കാരം പുഴയൊഴുകും മാണിക്കൽ പദ്ധതിക്ക് ലഭിച്ചിരുന്നു.

സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ് സയന്റിസ്റ്റ് അദിത്യശർമ, ജലശക്തി അഭിയാൻ നോഡൽ ഓഫീസറും ഭൂജലവകുപ്പ് ജില്ല ഓഫീസറുമായ സുധീർ എ.എസ്. എന്നിവരും സംഘത്തിലുണ്ടായിരുന്നു. മാണിക്കൽ ഗ്രാമപഞ്ചായത്ത് അധികൃതരുമായി ചർച്ച നടത്തിയ സംഘം, പ്രദേശത്തെ തൊഴിലുറപ്പ് തൊഴിലാളികളുമായും സംവദിച്ചു.

# മാപത്തോൺ പൂർത്തിയാക്കി കോഴിക്കോട് ജില്ല

സുരക്ഷിതമാക്കാം പശ്ചിമഘട്ടം-പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ നിർണയവും ജനകീയ വീണ്ടെടുപ്പും പ്രവർത്തനങ്ങളുടെ ഭാഗമായി



കോഴിക്കോട് ജില്ലയിലെ പശ്ചിമഘട്ട പ്രദേശത്തെ 14 ഗ്രാമപഞ്ചായത്തിലെ ഡിജിറ്റൽ മാപിംഗ് പ്രവർത്തനം പൂർത്തിയായി. സംസ്ഥാനത്തെ 230 തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന മാപിംഗ് പ്രവർത്തനങ്ങൾ ജില്ലയിലെ കൂടരഞ്ഞി, തിരുവമ്പാടി, കോടഞ്ചേരി, പുതുപ്പാടി, കട്ടിപ്പാറ, കൂരാച്ചുണ്ട്, ചക്കിട്ടപാറ, മരുതോങ്കര, കാവിലുംപാറ, കായക്കൊടി, നരിപറ്റ, വളയം, വാണിമൽ, ചെക്യാട് എന്നീ പഞ്ചായത്തുകളിലാണ് പൂർത്തിയാക്കിയത്. പശ്ചിമഘട്ട മലനിരകളിൽ നിന്നും ഉത്ഭവിക്കുന്ന നീർച്ചാൽ ശൃംഖല കണ്ടെത്തി വീണ്ടെടുക്കുന്നതിന് ഹരിതകേരളം മിഷനും സംസ്ഥാന ഐ.ടി. മിഷന്റെ ഭാഗമായുള്ള ഐസിഫോസും ചേർന്നു തയ്യാറാക്കിയ മാപുകളുടെ സഹായത്തോടെയാണ് മാപിംഗ് പൂർത്തിയാക്കിയത്.



തിരുവനന്തപുരം പുല്ലമ്പാറ പഞ്ചായത്ത് ഹരിത കർമസേനക്ക് ലഭിച്ച ഇലക്ട്രിക് വാഹനം ഡി.കെ. മുരളി എം.എൽ.എ. ഫ്ളാഗ് ഓഫ് ചെയ്യുന്നു.



കണ്ണൂർ ജില്ലയിലെ ചിറ്റാരിപറമ്പ് പഞ്ചായത്ത് വലിച്ചെറിയൽമുക്ത പഞ്ചായത്തായിട്ടുള്ള പ്രഖ്യാപനം കെ.കെ. ശൈലജ ടീച്ചർ എം.എൽ.എ. നിർവഹിച്ചു.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01